"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ശിശുപ്രിയ അംഗൻവാടി 2015-2016 പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ഉടുമ്പുംതല തെക്കേവളപ്പിൽ 51-ാം നമ്പർ അംഗൻവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതർക്കെതിരെയുള്ള അച്ചടക്കനടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.983/2026/LSGD തീയതി,തിരുവനന്തപുരം, 09-05-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.12.2021-ലെ ഇ18(എസ്.സി.66/2021/കെ.എസ്.ഡി.)28337/2020 നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. 20.06.2022-ലെ EWA2/20/2022-LSGD നമ്പർ കുറ്റപത്രവും കുറ്റരോപണപത്രികയും
3. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ മാരായ ശ്രീ. രമേശൻ കുറുവാട്ടിൽ 20.12.2022 തീയതിയായും ശ്രീമതി ശ്രുതി എം.കെ 23.02.2023 തീയതിയായും മുൻ ഓവർസിയർ ശ്രീ. സുമേഷ് കുമാർ പി. 20.02.2023 തീയതിയായും സമർപ്പിച്ച പ്രതിവാദപത്രിക

## ഉത്തരവ്

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ശിശുപ്രിയ അംഗൻവാടി 2015-2016 പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ഉടുമ്പുംതല തെക്കേവളപ്പിൽ 51-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനിയർമാരായ ശ്രീമതി ശ്രുതി എം.കെ.(PEN-712246), ശ്രീ. രമേശൻ കുറുവാട്ടിൽ (PEN-493710), മുൻ ഓവർസിയർ ശ്രീ. സുമേഷ് കുമാർ പി.(PEN-637069) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി

ആരംഭിച്ച് പരാമർശം 2 കുറ്റപത്രം / കുറ്റാരോപണപത്രിക നൽകി. കുറ്റാരോപിതർ കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പരാമർശം 3 പ്രതിവാദപത്രിക ലഭ്യമാക്കിയിട്ടുണ്ട്.

2. ടിയാളുകൾക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിലെ ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കാസർഗോഡ് Program Implementation Unit (PIU) എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബി. അജു (PEN:509139)-വിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

**3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം/ കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ. ബി. അജു (PEN:509139), എക്സിക്യൂട്ടീവ് എഞ്ചിനീയർ, Program Implementation Unit, കാസർഗോഡ് **(പരാമർശിതരേഖകളുടെ പകർപ്പ് സഹിതം)**
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. സ്റ്റോക്ക് ഫയൽ (EWA2/20/2022)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 11-05-2026 11:32:01
സെക്ഷൻ ഓഫീസർ